# 1996-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്

(1996-ലെ 7-ാം ആക്ട്)

## ഉള്ളടക്കം

പീഠിക

വകുപ്പുകൾ:

1. ചുരുക്കപ്പേരും പ്രാരംഭവും.
2. 149-ാം വകുപ്പിനുള്ള ഭേദഗതി.
3. 160-ാം വകുപ്പിനുള്ള ഭേദഗതി.
4. 283-ാം വകുപ്പിനുള്ള ഭേദഗതി.
5. മൂന്നാം പട്ടികയ്ക്കുള്ള ഭേദഗതി.
6. നാലാം പട്ടികയ്ക്കുള്ള ഭേദഗതി.
7. അഞ്ചാം പട്ടികയ്ക്കുള്ള ഭേദഗതി.
8. റദ്ദാക്കലും ഒഴിവാക്കലും.

LIBRARY ARCHIVES Kerala Legislative Assembly

# 1996–ലെ 7–ാം ആക്റ്റ് *

## 1996-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994–ലെ 13) താഴെക്കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാല്പത്തിയേഴാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1996–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

(2) ഈ ആക്റ്റിലെ 2, 5, 6, 7 എന്നീ വകുപ്പുകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതും 3–ാം വകുപ്പ് 1995 ഒക്ടോബർ 1–ാം തീയതി പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതും മററു വകുപ്പുകൾ 1996 ഫെബ്രുവരി 16–ാം തീയതി പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതുമാണ്.

2. 149–ാം വകുപ്പിനുള്ള ഭേദഗതി.—1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (1994–ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 149–ാം വകുപ്പിന്റെ (3)–ാം ഉപവകുപ്പിൽ ''മൂന്നു മാസത്തിനകം'' എന്ന വാക്കുകൾക്കു പകരം ''ആറു മാസത്തിനകം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 160–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 160–ാം വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ "ശമ്പളവും അലവൻസുകളും" എന്ന വാക്കുകൾക്കു പകരം ''ഓണറേറിയവും'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ബി) (1)–ാം ഉപവകുപ്പിൽ ''പ്രതിമാസ ശമ്പളവും അലവൻസും'' എന്ന വാക്കുകൾക്ക് പകരം ''ഓണറേറിയം'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. 283–ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 283–ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''283. പട്ടികകൾ ഭേദപ്പെടുത്താൻ സർക്കാരിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ ഒരു പട്ടികയിലെ ഉരുപ്പടികളിൽ സർക്കാരിന് ഗസററ് വിജ്ഞാപനംമൂലം കൂട്ടിച്ചേർക്കലുകൾ നടത്താവുന്നതാണ്.

---

*1996 മാർച്ച് 26–ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 477–ാം നമ്പർ അസാധാരണ ഗസററായി 1996 മാർച്ച് 27–ാം തീയതി പ്രസിദ്ധീകരിക്കുകയും ചെയ്തു.



LIBRARY ARCHIVES Kerala Legislative Assembly

(2) ഈ ആക്റ്റിലെ ഏതെങ്കിലും പട്ടികയോ അപ്രകാരമുള്ള പട്ടികയിലെ ഏതെങ്കിലും ഉരുക്കുറിപ്പോ, സംസ്ഥാന നിയമസഭ നിർമ്മിക്കുന്ന ഒരു നിയമത്തിന്റെ അധികാരമുപയോഗിച്ചല്ലാതെ വിട്ടുകളയുവാൻ പാടില്ലാത്തതാണ്.''.

5. മൂന്നാം പട്ടികയ്ക്കുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ മൂന്നാം പട്ടികയിൽ,—

(1) ''12. പൊതുജനാരോഗ്യവും ശുചീകരണവും'' എന്ന ശീർഷകത്തിനു കീഴിൽ (എ) ഇനത്തിൽ ''കമ്മ്യൂണിററി ഹെൽത്ത് സെൻററുകളുടേയും'' എന്ന വാക്കുകൾക്കു പകരം ''എല്ലാവിധ പ്രൈമറി ഹെൽത്ത് സെൻററുകളുടേയും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) ''14. പട്ടികജാതി—പട്ടികവർഗ്ഗക്ഷേമം'' എന്ന ശീർഷകത്തിനു കീഴിൽ (ഐ) ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

''(ജെ) പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള ബാലവാടികൾ, നഴ്സറി സ്കൂളുകൾ, സീസണൽ ഡേ കെയർ കേന്ദ്രങ്ങൾ, ഡോർമിറററികൾ എന്നിവയുടെ നടത്തിപ്പ്.''

6. നാലാം പട്ടികയ്ക്കുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ നാലാം പട്ടികയിൽ,—

(1) ''4. പൊതുജനാരോഗ്യം'' എന്ന ശീർഷകത്തിനു കീഴിൽ,—

(i) (എ) ഇനത്തിൽ ''പ്രൈമറി ഹെൽത്ത് സെൻററുകളുടെ'' എന്ന വാക്കുകൾക്കു പകരം ''കമ്മ്യൂണിററി ഹെൽത്ത് സെൻററുകളുടെ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (എഫ്) ഇനം വിട്ടുകളയേണ്ടതാണ്.

(2) ''6. പട്ടികജാതി—പട്ടികവർഗ്ഗക്ഷേമം'' എന്ന ശീർഷകത്തിനു കീഴിൽ (ജി) ഇനത്തിനുശേഷം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

''(എച്ച്) പ്രീ—മെട്രിക് ഹോസ്ററലുകളുടെ നിയന്ത്രണം.''.

7. അഞ്ചാം പട്ടികയ്ക്കുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ അഞ്ചാം പട്ടികയിൽ, ''13. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം'' എന്ന ശീർഷകത്തിനു കീഴിൽ (ബി) ഇനം വിട്ടുകളയേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 1996—ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് (1996—ലെ 3) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ്മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ, ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, അല്ലെങ്കിൽ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ്മൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ അല്ലെങ്കിൽ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

# THE KERALA PANCHAYAT RAJ (AMENDMENT) ACT, 1996

(Act 7 of 1996)

CONTENTS

*Preamble*

*Sections:*

1. Short title and commencement
2. Amendment of Section 149
3. Amendment of Section 160
4. Amendment of Section 283
5. Amendment of Third Schedule
6. Amendment of Fourth Schedule
7. Amendment of Fifth Schedule
8. Repeal snd Saving.

LIBRARY ARCHIVES Kerala Legislative Assembly

# ACT 7 OF 1996*

## THE KERALA PANCHAYAT RAJ (AMENDMENT) ACT, 1996

[Translation in English of the Kerala Panchayat Raj (Amendment) Act, 1997 (7 of 1996), Published under the authority of the Governor].

*An Act further to amend the Kerala Panchayat Raj Act, 1994.*

*Preamble.*—WHEREAS it is expedient to amend the Kerala Panchayat Raj Act, 1994 (13 of 1994) for the purposes hereinafter appearing;

BE it enacted in the Forty-seventh Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Panchayat Raj (Amendment) Act, 1996

(2) Sections 2, 5, 6 and 7 of this Act shall come into force at once and Section 3 shall be deemed to have come into force on the 1st day of October, 1995 and the other Sections shall be deemed to have come into force on the 16th day of February 1996.

2. *Amendment of section* 149.—In the Kerala Panchayat Raj Act, 1994 (13 of 1994) (hereinafter referred to as the principal Act), in sub-section (3) of Section 149, for the words, "within three months" the words, "within six months" shall be substituted.

3. *Amendment of section* 160.—In section 160 of the principal Act,—

(a) in the marginal heading, for the words, "pay and allowances", the words "and honorarium" shall be substituted.

(b) in sub-section (1), for the words "monthly pay and allowance", the word "honorarium" shall be substituted.

4. *Amendment of section* 283.—For Section 283 of the principal Act, the following section shall be substituted, namely:—

"283. *Power of Government to amend schedules.*—(1) The Government may, by notification in the Gazette, make additions to the entries in a Schedule to this Act.

(2) No Schedule to this Act nor any entry in such Schedule, shall be omitted except under the authority of a law enacted by the State Legislature.

---

* Received the assent of the Governor on the 26th day of March 1996 and published in the Kerala Gazette Extraordinary No. 1054 dated 27th March, 1996.

LIBRARY ARCHIVES Kerala Legislative Assembly

5. *Amendment of Third Schedule.*—In the Third Schedule of the principal Act,—

(1) under the heading "12. Public Health and Sanitation", in item (a), for the words "of Community Health Centres", the words "of all types of Primary Health Centres" shall be substituted.

(2) under the heading "14. Welfare of Scheduled Castes and Scheduled Tribes", after item (1), the following item shall be inserted, namely:—

"(j) Management of Balavadies, Nursery Schools, Seasonal Day Care Centres and Dormitories for Scheduled Castes and Scheduled Tribes".

6. *Amendment of Fourth Schedule.*—In the Fourth Schedule of the principal Act,—

(1) under the heading "4. Public Health",—

(i) in item (a), for the words, "of Primary Health Centres", the words "of Community Health Centres" shall be substituted.

(ii) item (f) shall be omitted.

(2) under the heading "6. Welfare of Scheduled Castes and Scheduled Tribes", after item (g) the following item shall be inserted, namely:—

"(h) control of Pre-matric Hostels.".

7. *Amendment of Fifth Schedule.*—In the Fifth Schedule of the principal Act, under the heading "13. Welfare of Scheduled Castes and Scheduled Tribes", item (b) shall be omitted.

8. *Repeal and saving.*—(1) The Kerala Panchayat Raj (Amendment) Ordinance, 1996 (3 of 1996) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance, shall be deemed to have been done or taken under the principal Act as amended by this Act.

LIBRARY ARCHIVES Kerala Legislative Assembly